


ടച്ച് മീ
TOUCH ME
മാർച്ച് 2026


Happy
Birthday
31 - 03 - 2026
Raina
Rajesh
D/o. Rajesh Rocky & Roshiyo Rajesh
Thalakkottoor House
Guruvayur Road
Kunnamkulam
Best Compliments From :
Friends & Relatives



# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2026 മാർച്ച് | ലക്കം : 7

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : ജാക്വിലിൻ വിനു -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : അനീന മരിയ ഷാജി -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : റിജി പ്രിൻസ് -7902232331
നാളാകമം ഇൻചാർജ്ജ്: സാന്ദ്ര വി.എം.-6282284467
വാർത്തകൾ ഇൻചാർജ്ജ് : സാനിയ വി.എം.-6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വഴിവിളക്ക് | 10 |
| വിശ്വാസപരിശീലനം | 11 |
| ജൂനിയർ സി.എൽ.സി. | 12 |
| സഭാവാർത്തകൾ | 13 |
| മഞ്ഞുതുള്ളി | 15 |
| വ്യക്തിത്വം | 16 |
| പ്രതിനിധിയോഗ വാർത്തകൾ | 17 |
| HPV വാക്സിൻ | 18 |
| Fifth Sparrow | 19 |
| നിശബ്ദ സുവിശേഷം | 21 |
| സംഘടനാ വാർത്തകൾ | 23 |
| ഇടവക ആൽബം | 25 |
| മിഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

എഡിറ്റോറിയൽ...

## നോമ്പുകാലം ആത്മപരിശോധനയുടെ അനുഗ്രഹകാലം!

ക്രിസ്തീയ ജീവിതത്തിൽ നോമ്പുകാലം അത്യന്തം പ്രാധാന്യമുള്ള ഒരു ആത്മീയ യാത്രയാണ്. Lent എന്ന ഈ നാല്പതു ദിവസങ്ങൾ യേശുക്രിസ്തുവിന്റെ പീഢാനുഭവവും ത്യാഗവും ഓർമ്മപ്പെടുത്തുന്ന പരിശുദ്ധ കാലഘട്ടമാണ്. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ മുഖേന ആത്മശുദ്ധിയിലേക്കും ദൈവസന്നിധിയിലേക്കും കൂടുതൽ അടുക്കാനുള്ള അവസരമാണ് ഇത്.

നോമ്പുകാലം വെറും ഭക്ഷണനിയന്ത്രണമല്ല; അത് നമ്മുടെ ചിന്തകളിലും പ്രവൃത്തികളിലും മാറ്റം വരുത്താനുള്ള ഒരു ആഹ്വാനമാണ്. അനാവശ്യ ആഗ്രഹങ്ങളിൽ നിന്നും സ്വാർത്ഥതയിൽ നിന്നും വിട്ടുനിന്ന് സ്നേഹത്തിന്റെയും ക്ഷമയുടെയും വിനയത്തിന്റെയും വഴിയിലൂടെ നടക്കാൻ നമ്മെ ക്ഷണിക്കുന്നു. മറ്റുള്ളവരുടെ വേദന മനസ്സിലാക്കി സഹായഹസ്തം നീട്ടാൻ പഠിപ്പിക്കുന്ന കാലമാണ് ഇത്.

യേശുക്രിസ്തു മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ചതുപോലെ, നാം നമ്മുടെ ജീവിതത്തിലെ 'മരുഭൂമികൾ' നേരിടാൻ തയ്യാറാകണം. പരീക്ഷണങ്ങളും പ്രയാസങ്ങളും നിറഞ്ഞ സമയങ്ങളിൽ ദൈവത്തോടുള്ള വിശ്വാസം കൂടുതൽ ദൃഢമാക്കുക എന്നതാണ് നോമ്പുകാലത്തിന്റെ ആത്മാവ്.

ഈ പരിശുദ്ധ കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും സമാധാനവും ഐക്യവും വളരട്ടെ. ആത്മപരിശോധനയിലൂടെ പാപങ്ങളിൽ നിന്ന് പിൻതിരിഞ്ഞ് ദൈവകൃപയിലേക്ക് മടങ്ങി, പുതുക്കപ്പെട്ട ഹൃദയത്തോടെ ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കാൻ നമുക്കാകട്ടെ.

നോമ്പുകാലം നമ്മുടെ ജീവിതത്തെ ആത്മീയമായി പുതുക്കുന്ന അനുഗ്രഹകാലമായി മാറട്ടെ.

ടച്ച് മീ
എഡിറ്റോറിയൽ ബോർഡ്



# ഇടയമൊഴി

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

ഫ്രാൻസീസ്, ഒരു കല്ലുപോലും വിലയ്ക്കു വാങ്ങരുത്. ഓരോ കല്ലും യാചിച്ചു വാങ്ങുക. കാരണം, കരുണയിൽനിന്നു വേണം എന്റെ ആലയം ഉയരാൻ. ഒപ്പം, നൽകുന്നതിന്റെ ആഹ്ലാദവും. ഏതു കല്ലും എടുക്കണം. രൂപഭംഗിയില്ലാത്തവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകുകയും വേണം. ആരുടെ അദ്ധ്വാനവും സ്വീകരിക്കണം. പിന്നിൽ ഹൃദയമുണ്ടെന്ന് ഉറപ്പാക്കിയാൽ മാത്രം മതി. വലിയ ജാലകം ഉണ്ടാകണം ആകാശത്തിനു പ്രവേശിക്കാൻ. സംഗീതം കൊണ്ട് ഭിത്തി അലങ്കരിക്കണം. കഥകളുടെ വിതാനം ഉണ്ടാകണം. പൊട്ടിച്ചിരിയുടെ പൂക്കുലതോരണം വേണം. ബലികളുടെ ഉരുകിതീരുന്ന മെഴുകുതിരികൾ ഉണ്ടാവണം.

**മനഃപാഠമാക്കാൻ**

"ദരിദ്രരെ ഞെരുക്കുന്നവൻ സ്രഷ്ടാവിനെ നിന്ദിക്കുന്നു; പാവപ്പെട്ടവരോട് ദയ കാണിക്കുന്നവൻ അവിടുത്തെ ബഹുമാനിക്കുന്നു."
(സുഭാഷിതങ്ങൾ 14:31)

"അതിനാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യ ഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ"
(കൊളോ. 3:12)

*ഏവർക്കും കരുണാമയനായ തമ്പുരാന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

## മാർച്ച് 1 ഞായർ : വിശ്വാസ പരിശീലന അദ്ധ്യയന വർഷ സമാപനം, തണ്ണീർക്കുടം ഉണർവ്വ് സെമിനാർ & ദീപിക പത്ര പ്രോത്സാഹനം & വിശ്വാസ സമർപ്പണം

06.00 am : വി. കുർബാന & ദീപിക പത്ര പ്രോത്സാഹനം
(നേതൃത്വം : സമുദായ ശാക്തീകരണ വർഷ കമ്മിറ്റി)

07.30 am : വിശ്വാസപരിശീലന അദ്ധ്യയന വർഷ സമാപനം & ഉണർവ്വ് സെമിനാർ & കുട്ടികുട്ടായ്മ ദിനാചരണം
(നേതൃത്വം : സ്റ്റുഡൻസ് കൗൺസിൽ & പി.ടി.എ.)

09.00 am : തണ്ണീർകുടം
(നേതൃത്വം : യൂത്ത് & ജൂനിയർ സി.എൽ.സി.)

09.15 am : വി. കുർബാന & വിശ്വാസ സമർപ്പണം
(നേതൃത്വം : തിരുബാലസഖ്യം)

05.00 pm : കുരിശിന്റെ വഴി, കുരിശിന്റെ സന്ദേശം & ആശീർവാദം
(നേതൃത്വം : സെന്റ് ആന്റണി കുടുംബകൂട്ടായ്മ)

## മാർച്ച് 3 ചൊവ്വ : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

06.30 pm : സെന്റ് ആന്റണി കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

## മാർച്ച് 6 വെള്ളി : എഴാം വെള്ളിയാചരണം & ജാഗരണ പദയാത്ര

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : ആരാധന, കുമ്പസാരം, കുരിശിന്റെ വഴി & തിരുരക്ത ജപമാല

06.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ച വിതരണം

07.00 pm : ജാഗരണ പദയാത്ര
(നേതൃത്വം : ഗായകസംഘം & ജീസ്സസ് യൂത്ത്)

## മാർച്ച് 7 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

06.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

## മാർച്ച് 8 ഞായർ : കുരിശിന്റെ വഴി, സന്ദേശം & ആശീർവാദം

05.00 pm : കുരിശിന്റെ വഴി, സന്ദേശം, ആശീർവാദം
(നേതൃത്വം : സെന്റ് തോമസ് കുടുംബകൂട്ടായ്മ)

## മാർച്ച് 11 ബുധൻ : പാതിനോമ്പ് ദിനം

05.30 pm : തിരുമണിക്കൂർ ആരാധന & കുമ്പസാരം
(നേതൃത്വം : ജീസ്സസ് യൂത്ത്)

**മാർച്ച് 13 വെള്ളി : എട്ടാം വെള്ളിയാചരണം & ജാഗരണ പദയാത്ര**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : ആരാധന, കുമ്പസാരം, കുരിശിന്റെ വഴി & തിരുരക്ത ജപമാല
06.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം
07.00 pm : ജാഗരണ പദയാത്ര
(നേതൃത്വം : കെ.എൽ.എം. & കെ.സി.വൈ.എം.)

**മാർച്ച് 14 ശനി : 14 പള്ളി സന്ദർശനം**

04.00 am : 14 പള്ളി സന്ദർശനം
(നേതൃത്വം : മാതൃവേദി & പ്രാർത്ഥന ഗ്രൂപ്പ്)

**മാർച്ച് 15 ഞായർ : കുരിശിന്റെ വഴി സന്ദേശം & ആശീർവ്വാദം**

05.00 pm : കുരിശിന്റെ വഴി, സന്ദേശം, ആശീർവാദം
(നേതൃത്വം : സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ)

**മാർച്ച് 19 വ്യാഴം : കെ.എൽ.എം. പതാകദിനം**

06.30 am : ലദ്ദീഞ്ഞ്, നൊവേന, വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ കുർബാന, നേർച്ച വിതരണം
07.15 am : കെ.എൽ.എം. പതാകവന്ദനം
(നേതൃത്വം : കെ.എൽ.എം.)

**മാർച്ച് 20 വെള്ളി : ഒൻപതാം വെള്ളിയാചരണം & ജാഗരണ പദയാത്ര**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

08.30 am : ഒൻപത് മണിക്കൂർ ആരാധന & അഖണ്ഡജപമാല
04.30 pm : കുരിശിന്റെ വഴി & തിരുരക്ത ജപമാല
05.30 pm : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന & ദിവ്യകാരുണ്യ പ്രദക്ഷിണം (നേതൃത്വം : ആത്മായ പ്രേഷിത സമിതി)
06.00 pm : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, വി. കുർബാന, സന്ദേശം, തിരുആട സമർപ്പണം, നേർച്ച ഊട്ട്
(നേതൃത്വം : ആത്മായ പ്രേഷിത സമിതി)
07.30 pm : ജാഗരണ പദയാത്ര
(നേതൃത്വം : മാതൃവേദി & കത്തോലിക്ക കോൺഗ്രസ്സ്)

**മാർച്ച് 22 ഞായർ : പാലയൂർ മഹാതീർത്ഥാടനം, കുരിശിന്റെ വഴി, സന്ദേശം & ആശീർവാദം**

07.30 am : പാലയൂർ മഹാ തീർത്ഥാടനം
05.00 pm : കുരിശിന്റെ വഴി, സന്ദേശം & ആശീർവാദം
(നേതൃത്വം : സെന്റ് സേവ്യർ കുടുംബകൂട്ടായ്മ)

**മാർച്ച് 23, 24, 25 (തിങ്കൾ, ചൊവ്വ, ബുധൻ) : ഇടവക വാർഷിക ധ്യാനം**

(**NB** : ഈ ദിവസങ്ങളിൽ രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.30 pm : വി. കുരിശിന്റെ വഴി
06.00 pm : വി. കുർബാന
06.45 pm : ധ്യാന ഗാന ശുശ്രൂഷ
07.00 pm : ധ്യാന ആരംഭം
09.00 pm : ആരാധന
09.30 pm : ധ്യാനസമാപനം

(**NB** : ധ്യാനം കഴിഞ്ഞ് പോകുവാൻ വാഹനസൗകര്യം ഒരുക്കുന്നതാണ്)

**മാർച്ച് 27 വെള്ളി : ഒന്നാം വെള്ളിയാചരണം & മലയാറ്റൂർ തീർത്ഥാടനം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : ആരാധന, കുമ്പസാരം, കുരിശിന്റെ വഴി & തിരുരക്ത ജപമാല
06.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം
07.00 pm : മലയാറ്റൂർ തീർത്ഥാടനം
(നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)

**മാർച്ച് 29 ഞായർ : ഓശാന ഞായർ, പുത്തൻപാന പാരായണദിനം, & കുരിശോത്സവ സമാപനം**

06.00 am : വി. കുരിശിനെ വണങ്ങി പ്രാർത്ഥിക്കാനായി ഒരുക്കിയിട്ടുള്ള സ്ഥലം വെഞ്ചിരിച്ച് പുത്തൻപാന പാരായണ ആരംഭം

(**NB** : വി. കുർബാന സമയം ഒഴികെ രാവിലെ 6 മുതൽ വൈകീട്ട് 6 വരെ ദൈവാലയത്തിൽ പുത്തൻപാന ഇടവിടാതെ ഗായകസംഘ സംഘടനയുടെ നേതൃത്വത്തിൽ ആലപിച്ചുകൊണ്ടിരിക്കും.)

06.45 am : ഓശാന തിരുകർമ്മങ്ങൾ, കുരുത്തോല പ്രദക്ഷിണം സെന്റ് മേരീസ് കപ്പേളയിൽ നിന്ന് പള്ളിയിലേക്ക്, വി. കുർബാന, സന്ദേശം, ഓശന നൃത്ത ആവിഷ്കാരം, ഈസ്റ്റർ സമ്മാനകൂപ്പൺ നറുക്കെടുപ്പ്
(നേതൃത്വം : ജൂനിയർ & യൂത്ത് സി.എൽ.സി.)
08.45 am : വി. കുരിശിലേക്ക് വചനമാല സമർപ്പണം & ആരാധനദിന കിറ്റ് വിൽപ്പന
(നേതൃത്വം : തിരുബാലസഖ്യം)
10.00 am : ഓശാന സമർപ്പണം, വി. കുർബാന, സന്ദേശം
(നേതൃത്വം : തിരുബാലസഖ്യം)
11.00 am : ഓശാന മന്ന (നേതൃത്വം : ജൂനിയർ & യൂത്ത് സി.എൽ.സി.)
04.00 pm : കുരിശോത്സവ വി. കുരിശിന്റെ വഴി കുടുംബകൂട്ടായ്മകളിൽ
(നേതൃത്വം : അൾത്താരസംഘം)
05.30 pm : സെന്റ് മേരീസ് കപ്പേളയിൽ നിന്ന് കുരിശോത്സവ പ്രദക്ഷിണം, വി. കുരിശ് സമർപ്പണം, കുരിശിന്റെ സന്ദേശം, കുരിശിന്റെ ആശീർവാദം.
(നേതൃത്വം : കേന്ദ്രസമിതി, അൾത്താരസംഘം & മാതൃവേദി)

**മാർച്ച് 30, 31 തിങ്കൾ, ചൊവ്വ : കുമ്പസാര ദിനങ്ങൾ**

05.30 pm to 07.30 pm : നിശബ്ദ്ധ ആരാധന & കുമ്പസാരം

**മാർച്ച് 31 ചൊവ്വ : വണക്കമാസം കാലംകൂടൽ & കനകമല തീർത്ഥാടനം**

06.30 am : വണക്കമാസം കാലംകൂടൽ ശുശ്രൂഷ, വി. കുർബാന, നേർച്ച വിതരണം (നേതൃത്വം : കെ.എൽ.എം.)

07.30 am : കനകമല തീർത്ഥാടനം (നേതൃത്വം : യൂത്ത് സി.എൽ.സി.)

**ഏപ്രിൽ 1 ബുധൻ : കിടപ്പ് രോഗികൾക്ക് കുമ്പസാരം & ഈസ്റ്റർ മധുരം**

08.00 am : കിടപ്പുരോഗികളെ കുമ്പസാരിപ്പിച്ച് വി. കുർബാന നൽകുന്നു & ഈസ്റ്റർ മധുരം പങ്കുവെക്കൽ
(നേതൃത്വം : മാതൃവേദി)

**ഏപ്രിൽ 2 വ്യാഴം : പെസഹാവ്യാഴം - ആരാധന ദിനം**

06.45 am : പെസഹാ തിരുകർമ്മങ്ങൾ, വി. കുർബാന, സന്ദേശം, പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം

08.45 am : ആരാധന മാല സമർപ്പണം (നേതൃത്വം : അൽത്താരസംഘം)

(**NB** : പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് ആവശ്യമായ അപ്പം എല്ലാ ഭവനങ്ങളിൽ നിന്നുമായി വൈകീട്ട് 6ന് മുമ്പായി പള്ളി ഓഫീസിൽ എത്തിച്ച് നൽകി സഹകരിക്കേണ്ടതാണ്)

**പെസഹാ വ്യാഴം ആരാധന നേതൃത്വം**

| | |
|---|---|
| 09.00 am to 10.00 am | സെന്റ് ജോർജ്ജ് കുടുംബ കൂട്ടായ്മ |
| 10.00 am to 11.00 am | മേരിമാത കുടുംബ കൂട്ടായ്മ |
| 11.00 am to 12.00 nn | കുട്ടികളുടെ സംഘടനകൾ :- അൽത്താരസംഘം, ജൂനിയർ സി.എൽ.സി., തിരുബാലസഖ്യം |
| 12.00 nn to 01.00 pm | സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ |
| 01.00 pm to 02.00 pm | സെന്റ് തോമസ് കുടുംബ കൂട്ടായ്മ |
| 02.00 pm to 03.00 pm | സെന്റ് സേവ്യർ കുടുംബ കൂട്ടായ്മ |
| 03.00 pm to 04.00 pm | സെന്റ് ആന്റണി കുടുംബ കൂട്ടായ്മ |
| 04.00 pm to 05.00 pm | യുവജന സംഘടനകൾ :- ജീസ്സസ് യൂത്ത്, യൂത്ത് സി.എൽ.സി., കെ.സി.വൈ.എം. |
| 05.00 pm to 06.00 pm | മുതിർന്ന സംഘടനകൾ :- കത്തോലിക്ക കോൺഗ്രസ്സ് കെ.എൽ.എം., മാതൃവേദി & ഗായകസംഘം |
| 06.00 pm to 06.30 pm | പ്രാർത്ഥനാഗ്രൂപ്പ്, റോസ്മിസ്റ്റിക്ക അൽത്താര ഡെക്കറേഷൻ സമിതി |
| 06.30 pm to 07.30 pm | പൊതു ആരാധന (നേതൃത്വം : ബഹു. സിസ്റ്റേഴ്സ്) |
| 07.30 pm to 08.00 pm | അപ്പം മുറിക്കൽ ശുശ്രൂഷ (നേതൃത്വം : മാതൃവേദി) |

## ഏപ്രിൽ 3 വെള്ളി : ദുഃഖവെള്ളി - ബൈബിൾ പാരായണദിനം

06.45 am : ദുഃഖവെള്ളി തിരുകർമ്മങ്ങൾ, പീഢാനുഭവ ചരിത്രം, സന്ദേശം, രൂപം ചായ്ക്കൽ, ഈശോയുടെ ശരീര രൂപം വെഞ്ചിരിപ്പ്, ബൈബിൾ പകർത്തിയെഴുത്ത് സമർപ്പണം.

08.45 am : തിരുരക്ത സ്തുതി മാല സമർപ്പണം (നേതൃത്വം : ജൂനിയർ സി.എൽ.സി.)

09.00 am : ഈശോയുടെ ശരീരത്തിനകിരെ ഇരുന്ന് ബൈബിൾ പാരായണ ആരംഭം (നേതൃത്വം : അൾത്താരസംഘം)

09.00 am : ഈശോയ്ക്ക് അരികെ (നേതൃത്വം : തിരുബാലസഖ്യം)

04.30 pm : ബൈബിൾ പാരായണ സമാപനം, പരിഹാര പ്രദക്ഷിണം - നഗരി കാണിക്കൽ, കുരിശിന്റെ വഴി അവതരണം, മുൾക്കിരീട സമർപ്പണം, സന്ദേശം, നേർച്ചകഞ്ഞി വിതരണം.
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്, കെ.എൽ.എം. & യൂത്ത് സി.എൽ.സി.)

07.30 pm : കരുണയുടെ നൊവേന ആരംഭം (നേതൃത്വം : കെ.സി.വൈ.എം.)

## ഏപ്രിൽ 4 ശനി : വലിയ ശനി - സങ്കീർത്തന പാരായണ ദിനം

06.30 am : വലിയശനി തിരുകർമ്മങ്ങൾ, വി. കുർബാന സന്ദേശം, പുതുവെളിച്ചം പകരൽ, പുതുഹന്നാൻ വെള്ളം നൽകൽ, കരുണയുടെ നൊവേന (നേതൃത്വം : യൂത്ത് സി.എൽ.സി. & കെ.സി.വൈ.എം.)

08.00 am : പുതുവെളിച്ചത്തിന്റെയും പുതു വെള്ളത്തിന്റേയും അരികെയിരുന്ന് സങ്കീർത്തന പാരായണം ആരംഭം
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

### ഈസ്റ്റർ കാരുണ്യദിനം

08.30 am : ഈസ്റ്റർ കിറ്റ് വിതരണം (നേതൃത്വം : കെ.എൽ.എം.)

09.00 am : ഈസ്റ്റർ കാരുണ്യ സ്പർശ് (നേതൃത്വം : തിരുബാലസഖ്യം)

09.30 am : ഈസ്റ്റർ കരുതൽ (നേതൃത്വം : അൾത്താരസംഘം)

10.00 am : ഈസ്റ്റർ കത്ത് (നേതൃത്വം : ജൂനിയർ സി.എൽ.സി.)

10.30 am : ഈസ്റ്റർ നന്മ (നേതൃത്വം : കെ.സി.വൈ.എം.)

11.00 am : ഈസ്റ്റർ പുണ്യം (നേതൃത്വം : ഗായകസംഘം)

11.30 am : രക്തദാനം (നേതൃത്വം : യൂത്ത് സി.എൽ.സി.)

12.00 nn : ദത്ത് കുടുംബ ഈസ്റ്റർ സമർപ്പണം
(നേതൃത്വം : റോസ്മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി)

04.30 pm : സങ്കീർത്തന പാരായണ സമാപനം
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

04.30 pm : സീനിയേഴ്സ് ഡേ (നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)

(**NB** : വൈകീട്ട് 6.30ന് കുരിശുമണി അടിക്കുമ്പോൾ കുടുംബനാഥൻ/നാഥ നൽകിയിട്ടുള്ള പ്രാർത്ഥനാ കാർഡിലെ പ്രാർത്ഥന ചൊല്ലി ലഭിച്ചിട്ടുള്ള പുതുഹന്നാൻ വെള്ളം തെളിച്ച് വീട് വെഞ്ചിരിപ്പ് നടത്തേണ്ടതാണ്)

(**NB** : വൈകീട്ട് 7ന് മുമ്പ് തന്നെ നോമ്പ് വീടാൻ ആവശ്യമായ വട്ടേപ്പം എല്ലാ കുടുംബാംഗങ്ങളും പള്ളി ഓഫീസിൽ എത്തിച്ച് നൽകി സഹകരിക്കേണ്ടതാണ്.)

11.30 pm : ഉയിർപ്പ് തിരുകർമ്മങ്ങൾ, ഉയിർപ്പ് അവതരണം, തിരുനാൾ കുർബാന, ഈസ്റ്റർ കിറ്റ് നൽകൽ, ഈസ്റ്റർ ഡാൻസ് & നോമ്പ് വീടൽ
(നേതൃത്വം : യൂത്ത് സി.എൽ.സി. & കത്തോലിക്ക കോൺഗ്രസ്സ്)

## *ഏപ്രിൽ 5 ഞായർ : ഉയിർപ്പ് ഞായർ*

06.30 am : വി. കുർബാന & കരുണയുടെ നൊവേന

**കുരിശോത്സവം 2026 സമയക്രമം**

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ |
|---|---|---|
| മാർച്ച് 2 & 3 | 6.30 pm | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| മാർച്ച് 4, 9 & 10 | 6.30 pm | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| മാർച്ച് 11 & 16 | 6.30 pm | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| മാർച്ച് 17 & 18 | 6.30 pm | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |

***മാർച്ച് മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ***

| *തിയ്യതി* | *കുടുംബകൂട്ടായ്മ* |
|---|---|
| *മാർച്ച് 1 ഞായർ* | *സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ* |
| *മാർച്ച് 8 ഞായർ* | *സെന്റ് സേവ്യർ കുടുംബകൂട്ടായ്മ* |
| *മാർച്ച് 15 ഞായർ* | *സെന്റ് ജോസഫ് കുടുംബകൂട്ടായ്മ* |
| *മാർച്ച് 22 ഞായർ* | *മേരിമാതാ കുടുംബകൂട്ടായ്മ* |
| *മാർച്ച് 29 ഞായർ* | *സെന്റ് ആന്റണി കുടുംബകൂട്ടായ്മ* |

## വഴിവിളക്ക്

# 21-ാം നൂറ്റാണ്ടിലെ വിശുദ്ധർ

**വി. ല്യൂജി സ്ക്രോസോപ്പി**

| | |
|---|---|
| ജനനം | : 4 ആഗസ്റ്റ് 1804 |
| മരണം | : 3 ഏപ്രിൽ 1884 |
| വിശുദ്ധ പദവി | : 10 ജൂൺ 2001 |
| തിരുനാൾ | : 3 ഏപ്രിൽ |

* ഡൊമനികോ - അന്റോണിയ ദമ്പതികളുടെ മൂന്നാമത്തെ മകനായി ഇറ്റലിയിൽ ജനിച്ചു. ല്യൂജിയും രണ്ട് സഹോദരന്മാരും പിന്നീട് വൈദികരായി.
* സഹോദരനോട് ചേർന്ന് ഒരു അനാഥാലയം നിർമ്മിക്കാൻ കഠിനമായി പരിശ്രമിച്ചു. പിന്നീട് 'ഹൗസ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്ട്' എന്ന സംഘടനയ്ക്ക് രൂപം നൽകി.
* അദ്ദേഹത്തിന്റെ മുഴുവൻ ജീവിതവും പാവപ്പെട്ടവരും ഉപേക്ഷിക്കപ്പെട്ടവരുമായ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നേടിക്കൊടുക്കാനായി മാറ്റിവെച്ചു.
* 'സിസ്റ്റേഴ്സ് ഓഫ് പ്രൊവിഡൻസ്' എന്ന സന്യാസിനീ സമൂഹം സ്ഥാപിച്ചു.
* 1857-ൽ ബധിരരും മൂകരുമായ കുട്ടികൾക്കായി ഒരു വിദ്യാലയം ആരംഭിച്ചു.
* ഫുട്ബോൾ കളിക്കാരുടെ മദ്ധ്യസ്ഥനായി അറിയപ്പെടുന്നു.

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം

## ഞാൻ യാത്രയായ്




**കിഴക്കൂട്ട് ഫ്രാൻസീസ് വൈദ്യർ ഭാര്യ**

**ആനി** (93 വയസ്സ്)

04 - 02 - 2026

(സെന്റ് തോമസ് കുടുംബകൂട്ടായ്മ)



# സെന്റ് സെബാസ്റ്റ്യൻ കാത്തലിക് ചർച്ച് - കുന്നംകുളം
# വലിയ ആഴ്ചയിലെ തിരുകർമ്മങ്ങൾ

## ഓശാന ഞായർ (29 – 03 – 2026)



6.45 am – ഓശാന തിരുകർമ്മങ്ങൾ
കുരുത്തോല പ്രദക്ഷിണം
സെന്റ് മേരീസ് കപ്പേളയിൽ
നിന്നും പള്ളിയിലേക്ക്,
തുടർന്ന് വി. കുർബാന, സന്ദേശം

10 am – വി. കുർബാന, സന്ദേശം




## പെസഹാ വ്യാഴം (02 – 04 – 2026)

6.45 am – പെസഹാ തിരുകർമ്മങ്ങൾ
വി. കുർബാന, സന്ദേശം
കാൽകഴുകൽ ശുശ്രൂഷ,
തുടർന്ന് ആരാധനമണിക്കൂർ

6.30 pm – പൊതു ആരാധന +
അപ്പംമുറിക്കൽ ശുശ്രൂഷ

## ദുഃഖവെള്ളി (03 – 04 – 2026)



6.45 am – ദുഃഖവെള്ളി തിരുകർമ്മങ്ങൾ
പീഢാനുഭവ ശുശ്രൂഷ

4.30 pm – പരിഹാര പ്രദക്ഷിണം

## ദുഃഖശനി (04 – 04 – 2026)

6.30 am – വലിയശനി തിരുകർമ്മങ്ങൾ, വി. കുർബാന,
മാമ്മോദിസ വ്രതനവീകരണം



## ഉയിർപ്പ് ഞായർ (05 – 04 – 2026)

ശനി രാത്രി 11.30 ന് – ഉയിർപ്പ് തിരുകർമ്മങ്ങൾ +
വി. കുർബാന +
നോമ്പ് വീടൽ

ഞായർ രാവിലെ 6.30 ന് – വി. കുർബാന








## സമാധാന പ്രാർത്ഥന

ദൈവമേ, / എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ. വിദ്വേഷമുള്ളിടത്തു സ്നേഹവും / ദ്രോഹമുള്ളിടത്തു ക്ഷമയും / സന്ദേഹമുള്ളിടത്തു വിശ്വാസവും / നിരാശയുള്ളിടത്ത് പ്രത്യാശയും / അന്ധകാരമുള്ളിടത്തു പ്രകാശവും / സന്താപമുള്ളിടത്തു സന്തോഷവും ഞാൻ വിതയ്ക്കട്ടെ.

ഓ! ദിവ്യനാഥാ, / ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിനും / മനസ്സിലാക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിനും / മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കുന്നതിനും / സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും / എനിക്ക് ഇടയാക്കണമെ. എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്കു ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ ക്ഷമിക്കപ്പെടുന്നത്. മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേക്ക് ജനിക്കുന്നത്. ആമ്മേൻ.






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

.എല്ലാവർക്കും സുഖമല്ലേ? പരീക്ഷയുടെ ചൂടിലാണ് എല്ലാവരും എന്നറിയാം. നന്നായി പഠിച്ചു ശരിയായ രീതിയിൽ റിവിഷൻ ചെയ്തിട്ടുണ്ടെങ്കിൽ പരീക്ഷയെ പേടിക്കേണ്ട കാര്യമേ ഇല്ല. അതോടൊപ്പം ദൈവവിചാരം കൂടിയുണ്ടെങ്കിൽ ഒന്നിനെയും ഭയപ്പെടേണ്ട. കർത്താവിന്റെ കരം നമ്മളോട് കൂടെ ഉണ്ടെങ്കിൽ ആർക്കും നമ്മളെ തോൽപിക്കാൻ കഴിയില്ല.

അമ്പതുനോമ്പിന്റെ പ്രധാനഘട്ടത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരമായി ചാക്കുടുത്തും ചാരം പൂശിയും അനുതപിച്ചവരുടെ വിവരങ്ങൾ പഴയനിയമത്തിൽ നമ്മൾ വായിച്ചിട്ടുണ്ടല്ലോ.

അതുപോലെ തീവ്രമായ പശ്ചാത്താപത്തിലൂടെ നമ്മളും കടന്നുപോകേണ്ടതാണ്.

നമ്മുടെ വികാരി അച്ചന്റെ നിർദ്ദേശം ഒന്നുകൂടി ഓർമിപ്പിക്കുന്നു. വിശ്വാസപരിശീലനക്ലാസുകൾക്ക് മാത്രമേ അവധിയുള്ളൂ. വിശ്വാസപരിശീലനത്തിന് അവധി ഇല്ല. ക്ലാസ് അധ്യാപകരുടെ നിർദ്ദേശമനുസരിച്ച് ഞായറാഴ്ച ആചരണത്തിൽ പങ്കാളികൾ ആവണം.

മാർച്ച് ഒന്നാം തീയതി അധ്യയനവർഷാവസാനം ആണ്. എല്ലാ അധ്യാപകരും വിദ്യാർത്ഥികളും അതിൽ പങ്കെടുക്കണം.

എല്ലാവർക്കും ബുദ്ധിമുട്ടില്ലാതെ പരീക്ഷ എഴുതാനും പരീക്ഷയിൽ ജയിക്കാനും അനുഗ്രഹം നൽകണേ എന്ന് സർവേശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു

സ്നേഹത്തോടെ
ലില്ലി ടീച്ചർ

### *ജൂനിയർ സി.എൽ.സി. പംക്തി*



# സ്നേഹത്തിന്റെ പുഷ്പമായി വിരിഞ്ഞ വിശുദ്ധ കൊച്ചുത്രേസ്യ




**ആദ്യ മരിയ അഗസ്റ്റിൻ**

വിശുദ്ധ കൊച്ചുത്രേസ്യ കത്തോലിക്കാ സഭയിൽ അതിപ്രസിദ്ധമായ ഒരു വിശുദ്ധയാണ്. അവരെ ലിറ്റിൽ ഫ്ളവർ എന്നും വിളിക്കുന്നു 1873 ജനുവരി 2ന് ഫ്രാൻസിലെ ലിസ്യൂവിൽ ജനിച്ച കൊച്ചുത്രേസ്യ ചെറുപ്പത്തിൽ ദൈവസ്നേഹത്തിലും പ്രാർത്ഥനയിലും ആഴമായി ജീവിച്ചു. അവൾ 15-ാം വയസ്സിൽ കർമലീത്ത സന്യാസിനിയായി.

കൊച്ചുത്രേസ്യയുടെ ജീവിതത്തിന്റെ മുഖ്യസന്ദേശം ചെറിയ വഴിയിലൂടെ ദൈവസ്നേഹം എന്നതാണ് ചെറിയ കാര്യങ്ങൾ പോലും വലിയ സ്നേഹത്തോടെ ചെയ്യുക. വിനയം, ക്ഷമ, ലാളിത്യം എന്നിവയാണ് അവളുടെ ജീവിതത്തിന്റെ അടയാളങ്ങൾ. ഒരു ആത്മാവിന്റെ കഥ എന്ന കൊച്ചുത്രേസ്യയുടെ ആത്മകഥ ആധ്യാത്മിക സാഹിത്യത്തിലെ ഒന്നായി കണക്കാക്കപ്പെടുന്നു.

1897 സെപ്തംബർ 30ന് അവൾ അന്തരിച്ചു. 1925ൽ അവൾ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. ഇന്ന് ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് കൊച്ചുത്രേസ്യ പ്രചോദനമായ ഒരു വിശുദ്ധയാണ്.



## പ്രാർത്ഥനാശംസകൾ

**നമ്മുടെ ഇടവകയിൽ കഴിഞ്ഞ വർഷം**
**ACC വിശ്വാസ പരിശീലന അധ്യാപകനായി സേവനം ചെയ്ത്**
**യുവജനങ്ങളെ ആത്മീയതയിലേക്ക് നയിച്ച**
**കുടുംബകൂട്ടായ്മ സമ്മേളനങ്ങളെ സജീവമാക്കിയ**

**ബ്രദർ സാജൻ ഔസേപ്പ് OFM Cap. ന്**

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക സമൂഹത്തിന്റെ**
നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു




**ലോകത്തിന് മുന്നിൽ പ്രത്യാശയുടെ സന്ദേശവാഹകരാകാൻ യൂറോപ്പിലെ ക്രൈസ്തവർക്കാകണം: കത്തോലിക്കാസഭ**

ക്രൈസ്തവവിശ്വാസത്തിൽ അധിഷ്ഠിതമായ ചിന്തകളുടെ പിൻബലത്തിൽ സൃഷ്ടിക്കപ്പെട്ട യൂറോപ്പിലെ വിശ്വാസസമൂഹം, പ്രത്യാശയുടെയും സാഹോദര്യത്തിന്റെയും സന്ദേശവാഹകരായി ലോകത്തിന് മുൻപിൽ നിൽക്കണമെന്ന് യൂറോപ്പിലെ നാല് പ്രമുഖ മെത്രാൻസമിതി നേതൃത്വങ്ങൾ. ഫെബ്രുവരി 13 ബുധനാഴ്ചയാണ്, ഇറ്റലി, ഫ്രാൻസ്, ജർമനി, പോളണ്ട് എന്നീ രാജ്യങ്ങളിലെ മെത്രാൻ സമിതി അദ്ധ്യക്ഷന്മാർ ഇതുസംബന്ധിച്ച് ഒരു പൊതുരേഖ പുറത്തുവിട്ടത്.

മോൺസിഞ്ഞോർ ജോജി വടകര, വത്തിക്കാൻ ന്യൂസ് : പ്രത്യാശയുടെ ജൂബിലി വർഷാവസാനത്തിൽ ലിയോ പതിനാലാമൻ പാപ്പാ ഓർമ്മിപ്പിച്ചതുപോലെ, പ്രത്യാശയുടെ സമയത്തിന്റെ തുടക്കമാകണം നമുക്ക് മുന്നിലുള്ളതെന്ന് യൂറോപ്പിലെ പ്രാദേശിക കത്തോലിക്കാസഭ. യൂറോപ്പിലെ സഭാംഗങ്ങൾ പ്രത്യാശയുടെ സന്ദേശവാഹകരും ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും വക്താക്കളുമാകണമെന്ന് ഫെബ്രുവരി 13 വെള്ളിയാഴ്ച പുറത്തുവിട്ട ഒരു സംയുക്ത അഭ്യർത്ഥനയിൽ ഇറ്റലി, ഫ്രാൻസ്, ജർമനി, പോളണ്ട് എന്നീ രാജ്യങ്ങളിലെ മെത്രാൻസമിതി അദ്ധ്യക്ഷന്മാർ ആവശ്യപ്പെട്ടു.

**ദൈവത്തോടും, സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ നോമ്പിന്റെ ചൈതന്യം ജീവിക്കാം**

ഇതാ വീണ്ടുമൊരു നോമ്പുകാലം കൂടി ആഗതമാകുകയാണ്. കർത്താവിന്റെ സാന്നിധ്യം കൂടുതൽ തീക്ഷ്ണതയോടെ തിരിച്ചറിയുവാനും, നമ്മുടെ ജീവിതത്തെ ക്രൈസ്തവാത്മകമായി വിശകലനം ചെയ്യുവാനും അപ്രകാരം ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിൽ സഭയോടൊപ്പം, വിശുദ്ധിയിൽ പങ്കെടുക്കുവാനും നമ്മെ സഹായിക്കുന്ന ഒരുക്കകാലഘട്ടം. പ്രാർത്ഥനയുടെയും, പ്രായശ്ചിത്തത്തിന്റെയും വഴിയിൽ, നമ്മെ തന്നെ എളിമപ്പെടുത്തിക്കൊണ്ട്, ദൈവത്തിന്റെ മഹനീയതയെയും, രഹസ്യാത്മകതയെയും കൂടുതൽ ജീവിതത്തിൽ മനസിലാക്കുവാനും, അവനിൽ ആശ്രയം വയ്ക്കുവാനും ഈ കാലഘട്ടം നമ്മെ ആഹ്വാനം ചെയ്യുന്നു.

**പ്രമാണങ്ങളുടെ പൂർത്തീകരണം ശ്രേഷ്ഠമായ നീതി നേടിയെടുക്കുന്നതാണ്: പാപ്പാ**

ഇന്നത്തെ സുവിശേഷവായനയിലും മലയിലെ പ്രസംഗത്തിന്റെ ഒരു ഭാഗമാണ് നാം ശ്രവിക്കുന്നത്. സുവിശേഷഭാഗങ്ങളെ കുറിച്ചുള്ള പ്രബോധനം നടത്തിയശേഷം, ദൈവരാജ്യത്തിന്റെ നവീനതയിലേക്ക് പ്രവേശിക്കുവാൻ യേശു നമ്മെ ക്ഷണിക്കുന്നു. ഈ യാത്രയിൽ നമ്മെ നയിക്കുന്നതിനുവേണ്ടി, മോശയുടെ ന്യായപ്രമാണത്തിലെ പ്രമാണങ്ങളുടെ യഥാർത്ഥ അർത്ഥം യേശു വെളിപ്പെടുത്തുന്നു. അവ ദൈവത്തിന്റെ മുമ്പിൽ എല്ലാം ശരിയാണെന്നു തോന്നാനുള്ള ഒരു പുറംമോടിയുടെ മതപരമായ ആവശ്യം നിറവേറ്റുന്നതിനല്ല, മറിച്ച് ദൈവവുമായും നമ്മുടെ സഹോദരീസഹോദരന്മാരുമായും സ്നേഹത്തിന്റെ ബന്ധത്തിലേക്ക് നമ്മെ പ്രചോദിപ്പിക്കുന്നതിനാണ്. അതുകൊണ്ടാണ്, 'നിയമത്തെയോ പ്രവാചകൻമാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്.' എന്ന് കർത്താവ് പറഞ്ഞത്. പ്രമാണങ്ങളുടെ പൂർത്തീകരണം അതിന്റെ അഗാധമായ അർത്ഥവും ആത്യന്തിക ഉദ്ദേശ്യവും സാക്ഷാത്കരിക്കുന്ന സ്നേഹമാണ്. ഇത് ശാസ്ത്രിമാരെയും പ്രീശന്മാരെയും അപേക്ഷിച്ച് ഒരു 'ശ്രേഷ്ഠമായ നീതി ' നേടിയെടുക്കുന്നതാണ്. ഇത് കല്പനകൾ പാലിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല, മറിച്ച് സ്നേഹത്തിലേക്ക് നമ്മെ വെളിപ്പെടുത്തുകയും, സ്നേഹിക്കാൻ നമ്മെ പ്രതിജ്ഞാബദ്ധരാക്കുകയും ചെയ്യുന്നു.

**യുവജനത്തിന്റെ ഊർജ്ജവും, പ്രായമായവരുടെ ജ്ഞാനവും ഇന്നത്തെ ലോകത്തിനു ആവശ്യമാണ്: പാപ്പാ**

ഫെബ്രുവരി മാസം പതിനഞ്ചാം തീയതി, റോമിലെ, ഓസ്തിയ പ്രദേശത്തെ ഇടവകയിൽ, അജപാലനസന്ദർശനം നടത്തിയ ലിയോ പതിനാലാമൻ പാപ്പാ, വിശുദ്ധ ബലിക്ക് മുൻപായി, രോഗികളും, പ്രായമായവരുമായി കൂടിക്കാഴ്ച്ച നടത്തി. റോമൻ രൂപതയുടെ മെത്രാൻ എന്ന നിലയിൽ, ലിയോ പതിനാലാമൻ പാപ്പായുടെ പ്രഥമ ഇടവക സന്ദർശനം, ഫെബ്രുവരി മാസം പതിനഞ്ചാം തീയതി, ഓസ്തിയായിലെ സമാധാനരാജ്ഞി ഇടവകയിൽ നടത്തി. സന്ദർശനത്തിന്റെ ഭാഗമായി, ഇടവകയിലെ രോഗികളും, പ്രായമാവരുമായ സഹോദരങ്ങളുമായി പാപ്പാ കൂടിക്കാഴ്ച്ച നടത്തി. യുവജനങ്ങൾക്കൊപ്പവും പാപ്പാ അല്പസമയം ചിലവഴിക്കുകയും, ഹ്രസ്വസന്ദേശം നൽകുകയും ചെയ്തു. പാപ്പായെ സ്വാഗതം ചെയ്തുകൊണ്ടുള്ള ആളുകളുടെ പ്രതികരണം ചൂണ്ടിക്കാണിച്ചുകൊണ്ട്, സ്വാഗതം ചെയ്യുന്നതിലെ ക്രൈസ്തവ ചൈതന്യത്തെ അടിവരയിട്ടു പറഞ്ഞു.



# മഞ്ഞുതുള്ളി


അഞ്ചൽ വി.എ.

ഒരു മഴക്കാലം, നനവാർന്ന വഴികൾ, ഇലകളിലും, ചില്ലകളിലുമായി മഞ്ഞുതുള്ളികൾ ഇറ്റിറ്റു നിൽക്കുന്നു. മേഘത്തെ തലോടിക്കൊണ്ട് മഴത്തുള്ളികൾ ഭൂമിയിലെ സർവ്വത്തേയും തഴുകുവാൻ വന്നിരിക്കുന്നു.

രാത്രിയോട് അടുക്കാറായി. കുട്ടികളെല്ലാം സ്കൂളിൽനിന്ന് കുടയും ചൂടി നടന്നു ഉല്ലസിച്ചു വരുന്നു. അതിൽ ഒരു 16 വയസ്സുള്ള ഒരു പെൺകുട്ടി. അവൾ അല്പം വൈകിയാണ് വരുന്നത്. അവളുടെ കുടയിൽ നിന്നും ഓരോ തുള്ളികൾ അടർന്ന് നനവാർന്ന ആ മണ്ണിലേയ്ക്ക് വീണു അലിഞ്ഞുപോകുന്നു. മഴ ശക്തമായി പെയ്തുകൊണ്ടിരിക്കുന്നു. അവൾ അവളുടെ കുടയെ മുറുകെ പിടിക്കുന്നു.

അല്പസമയം നടന്നുകൊണ്ടിരിക്കെ വഴിയിൽ മഴയിൽ വാർന്ന് ഒരു വൃദ്ധൻ ഇരിക്കുന്നു അയാൾ ഒരു കല്ലിന്റെ മുകളിലായിട്ടാണ് ഇരിക്കുന്നത്. കീറിപൊളിഞ്ഞ വസ്ത്രവും, ശോഷിച്ച ശരീരവും ആണ് അയാൾക്ക്. അയാളുടെ അരികത്തുണ്ടായിരുന്ന ഒരു ചാക്ക്, അതിലാണ് അയാളുടെ ലോകം മുഴുവൻ ഇരിക്കുന്നതുപോലെ കാണുന്നു. ആ വൃദ്ധന്റെ അരികിലൂടെ പെൺകുട്ടി നടന്നുപോകുന്നു. തന്റെ കയ്യിലുള്ള കുട അദ്ദേഹത്തിനു കൊടുക്കുവാൻ അവളുടെ മനസ്സു പറയുന്നു. എന്നാൽ ആ കുട കൊടുത്താൽ താൻ നനയുകയില്ലേ എന്ന് പിന്നീട് ചിന്തിക്കുന്നു. ആ വൃദ്ധനെ കടന്ന് അവൾ പിന്നേയും നടന്നു. എന്നാൽ കുറച്ച് നടന്നപ്പോൾ അവൾ തിരിഞ്ഞുനോക്കി. അവളുടെ മനസ്സിൽ "ഞാൻ കുട കൊടുക്കാതെയിരുന്നാൽ" എന്ന ചിന്ത അലട്ടിക്കൊണ്ടിരിക്കുന്നു. അവൾ തിരിഞ്ഞ് ആ വൃദ്ധന്റെ അടുക്കലേക്കു നീങ്ങി ചോദിക്കുന്നു. അച്ചാച്ചാ ഈ കുട പിടിക്കൂ, ആ വൃദ്ധൻ പതിയെ





## വ്യക്തിത്വം

ബ്രദർ സാജൻ ഔസേപ്പ് OFM Cap.

ഓരോ മനുഷ്യനും വ്യത്യസ്തനാണ്. അതുപോലെ അവന്റെ വ്യക്തിത്വങ്ങളും വ്യത്യസ്തമാണ്. നമ്മുടെ വ്യത്യസ്തതയെ നാം അംഗീകരിക്കണം. പലപ്പോഴും ആത്മവിശ്വാസക്കുറവ് നമ്മിൽ ഉണ്ടാവുന്നത് നമ്മുടെ വ്യക്തിത്വങ്ങളെ നാം തിരിച്ചറിഞ്ഞിട്ടില്ല എന്ന തുകൊണ്ടാണ്. നാം നമ്മെ തിരിച്ചറിയുമ്പോൾ നമ്മുടെ കഴിവുകളെ കുറിച്ചും കുറവുകളെക്കുറിച്ചും നാം ബോധവന്മാരാകും. ഇതിനെ നമ്മൾ പേഴ്സണൽ അവേർനസ് അഥവാ വ്യക്തിബോധം എന്ന് പറയും. നമ്മുടെ വ്യക്തിബോധം എന്നത് നാം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ദൈവമക്കൾ ആണെന്ന താണ്. ഇത് മനസ്സിലാക്കി നമ്മുടെ കുറവുകളെ നിറവുകളാക്കാൻ കഴിയുന്ന ദൈവത്തിന്റെ കൃപയാർജിച്ച് ഉത്തമ ക്രിസ്ത്യാനികളായി നമ്മുടെ ജീവിതങ്ങളെ നമുക്ക് കെട്ടിപ്പടുക്കാം.

തലയുയർത്തി അവളുടെ മുഖത്തേക്കു നോക്കുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ അയാളുടെ ലോകം അവൾ തൊട്ടറിയുന്നു. “എന്തിനാ മോളേ; നീ എനിക്ക് കുട തന്നാൽ നീ നനയുകയില്ലേ. നിനക്ക് വീട്ടിലേക്ക് പോകേണ്ടതല്ലേ?” വൃദ്ധൻ മറുപടി പറഞ്ഞു. “ഇല്ല അച്ചച്ചാ; എന്റെ വീട് ഇനി കുറച്ചു ദൂരമേയുള്ളൂ. ഞാൻ വേഗം ഓടിപോയ്ക്കോളാം” അവൾ പറഞ്ഞു. ആ വാക്കുകൾ അദ്ദേഹത്തിൽ സന്തോഷമുണ്ടാക്കി. അദ്ദേഹത്തിലെ സ്നേഹത്തെ അവളുടെ കണ്ണുകൾ കണ്ടു. ഈ ലോകത്ത് ആരുംതന്നെ ഈ മനുഷ്യനെ ഇനി നോക്കുകയില്ല എന്നത് മാറി, ഈ പെൺകുട്ടിയിലെ സ്നേഹത്തെ അയാൾ അറിഞ്ഞു. അവൾ വേഗം കുട നൽകി അവിടെനിന്ന് നിറഞ്ഞ മനസ്സോടെ കോരിച്ചൊരിയുന്ന മഴയത്ത് വീട്ടിലേക്ക് ഓടി. ആ വൃദ്ധൻ കുടയും ചൂടി, സന്തോഷത്താൽ കണ്ണുകൾ നിറഞ്ഞ് മഴയത്തിരുന്നു.

മറ്റുള്ളവരെ സഹായിക്കാൻ നമുക്ക് മനസ്സുകൊണ്ടാകട്ടെ. ഒരുകാലത്ത് നമുക്കും ഈ അവസ്ഥ വരില്ലെന്നു പറയാൻ കഴിയില്ലല്ലോ. എല്ലാവരേയും സ്നേഹിച്ചും, സഹായിച്ചും വളരുവാൻ ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ വർഗ്ഗീസ് ആന്റണി സ്വാഗതം പറഞ്ഞു.
2. ജനുവരി മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. 2026 ഇടവക തിരുനാൾ സമ്പൂർണ്ണ റിപ്പോർട്ട് സെക്രട്ടറി തോംസൺ തച്ചിൽ അവതരിപ്പിച്ചു പാസ്സാക്കി.
4. 2026 ഇടവക തിരുനാൾ വരവ്-ചെലവ് കണക്ക് ഫിനാൻസ് കൺവീനർ എം.എൽ.സുനിൽ അവതരിപ്പിച്ചു പാസ്സാക്കി.
5. സാമുദായിക ശാക്തീകരണ വർഷ രൂപരേഖ കൺവീനർ പി. ജെ. ടോണി അവതരിപ്പിച്ചു പാസ്സാക്കി.
6. കൺസ്ട്രക്ഷൻ കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് കൺവീനർ രാജു ബി. ചുങ്കത്ത് സംസാരിച്ചു.
8. കൈക്കാരൻ ജോഫി ജോസഫ് നന്ദി പറഞ്ഞു.

NATIONAL & INTERNATIONAL DAYS

## IMPORTANT DAYS OF MARCH

| | |
|---|---|
| 1 March | Zero Discrimination Day<br>World Civil Defence Day |
| 3 March | World Wildlife Day, World Hearing Day |
| 4 March | National Safety Day |
| 8 March | International Women's Day |
| 10 March | CISF Raising Day |
| 12 March | World Kidney Day (2nd Thursday of March) |
| 14 March | International Day of Action for Rivers, Pi Day |
| 15 March | World Consumer Rights Day |
| 16 March | National Vaccination Day |
| 18 March | Ordnance Factories Day (India) |
| 20 March | World Sparrow Day<br>International Day of Happiness |
| 21 March | World Forestry Day<br>World Down Syndrome Day |
| 22 March | World Water Day |
| 23 March | World Meteorological Day,<br>Shaheed Diwas (Martyr's Day) |
| 24 March | World Tuberculosis (TB) Day |
| 27 March | World Theatre Day |



# HPV വാക്സിൻ
## HUMAN PAPILLOMA VIRUS VACCINE

**ഡോ. പോൾ സി. റാഫേൽ**

HUMAN PAPILLOMA VIRUS എന്താണ്, ഈ വൈറസ് എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആർക്കൊക്കെ ഈ വാക്സിൻ എടുക്കാം, എന്തൊക്കെ രോഗത്തിൽ നിന്ന് പ്രതിരോധം ലഭിക്കുന്നു എന്ന് നമുക്ക് അറിയേണ്ടത് ആവശ്യമാണ്.

ഹൂമൺ പാപ്പിലോമ വൈറസ് അണുബാധക്ക് എതിരെ യുള്ള വാക്സിൻ ആണ് HPV Vaccine 70%ത്തോളം ഗർഭാശയമുഖ കാൻസർ (Cervical Cancer) ൽനിന്നും, 60% വജൈനൽ കാൻസർ (Vaginal Cancer)ൽ നിന്നും അതുപോലെ ചില നെക്ക് കാൻസർ (Neck Cancer) ൽ നിന്നും, ഏനൽ കാൻസർ (Anal Cancer) എന്നിവയിൽ നിന്നുമുള്ള രക്ഷയാണ് ഈ വാക്സിൻ നൽകുന്നത്.

അധികം പേർക്കും ഈ വാക്സിനെ കുറിച്ചു അറിവില്ല. 9-ാം വയസ്സ് തികഞ്ഞ പെൺകുട്ടികൾക്ക് ഈ വാക്സിൻ എടുക്കാവുന്ന താണ്. ഇന്ത്യയിൽ ഒമ്പത് വയസ്സ് പൂർത്തിയായതിനുശേഷമാണ് ഈ വാക്സിൻ നൽകുന്നത്. പെൺകുട്ടികൾക്ക് മേൽ പറഞ്ഞ കാൻസറുകളിൽ നിന്ന് പൂർണ്ണമായും രക്ഷ നൽകുന്നു HPV വാക്സിൻ. 9-14 വയസ്സുവരെയുള്ള കുട്ടികൾക്ക് രണ്ടു ഡോസ് വാക്സിൻ നൽകണം. 15 വയസ്സിന് മുകളിലുള്ളവർക്ക് മൂന്ന് ഡോസ് നൽകണം. ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം വാക്സിന്റെ ഡോസും, എപ്പോൾ എടുക്കണം എന്നും തീരുമാനി ക്കാം. വാക്സിൻ വില അല്പം കൂടുതലാണെങ്കിലും വിവിധ കാൻസറുകളിൽ നിന്നുള്ള പ്രതിരോധത്തിനായി പെൺകുട്ടികൾക്ക് ഈ വാക്സിൻ കൊടുക്കുന്നത് വളരെയധികം ഗുണം ചെയ്യും. HPV വാക്സിനേഷൻ ഡ്രൈവ് നടക്കുന്നതിന്റെ ഭാഗമായി ഐ. എം.എ. പോലുള്ള പല സംഘടന കളും തിരഞ്ഞെടുത്ത ആശുപ ത്രികൾ വഴി സൗജന്യമായി HPV വാക്സിൻ നൽകി വരുന്നുണ്ട്.





# FIFTH SPARROW

Joyce Thomson

"Are not five sparrows sold for two pennies? Yet not one of them is forgotten in God's sight. But even the hairs of your head are all counted. Do not be afraid; you are of more value than many sparrows". (Luke 12: 6 - 7 )

"Are not two sparrows sold for a penny? Yet not one of them falls to the ground without the knowledge of your Father. So don' fear, you are worth more than many sparrows (Mathew10:2931) God here, illustrates His intimate care and providence for humanity.

In the Five sparrow deal, two sparrows are sold for one penny. Penny is the lowest denomination of coin in several currency system. It is also a common term for small amount of money. In this deal four sparrows cost 2 pennies. The fifth sparrow is offered as a bonus free of cost. Even that one is not forgotten by our Lord. Here God assures that we are more valuable than a free sparrow. God values all creatures, no matter how small or insignificant it is. Just imagine! How much more He values men. When we go through Psalm 139, we understand how meticulously God knows each and every one of us.

"you know when I sit down and when I rise up............... Even before a word is on my tongue, oh Lord you know it completely".

Our Lord values trivial and insignificant things, because His love for us is unconditional. Fishermen folk is very unimportant in our eyes. But Jesus chose them as his disciples and apostles. Jesus' friends were those whom we pull to margins; like sinners, tax collectors and prostitutes. Again, we get the reassurance of God's love when we read (Mathew 6: 25 34). God honors insignificant objects of His creation. " Look at the birds of the air, they neither sow, nor reap, nor gather into barns and yet your heavenly Father feeds them".(Mathew 6: 26). He cares us like the apple of His eyes. God never let us down even though we feel we are worthless. "But we must strive first for the kingdom of

God and His righteousness and all things will be given to you as well". (Mathew 6: 33 )

Look at the adulterous woman in the bible where, Jesus saves woman from stoning by challenging the accusers. Each and every one is precious in the sight of our Lord. "you are precious and honored in my sight, and because I love you" (Isaiah 43: 4). This word affirms God's deep love for His people. "Behold, I have engraved you on the palm of my hand "( Isaiah 49: 16). Holy Bible is full of promises concerning the love of God. Of course we can call it 'love letters of our Lord'.

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |



# നിശബ്ദ സുവിശേഷം - വി. യൗസേപ്പിതാവ് -

സിസ്റ്റർ റെജി തെരേസ്



ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു മരപ്പണിക്കാരൻ എന്നതിലുപരിയായി രക്ഷകന്റെ പിതാവായി ജീവിക്കുവാൻ നിയോഗം സിദ്ധിച്ച ഒരു വ്യക്തിയായിരുന്നു വി. യൗസേപ്പിതാവ്. വി. യൗസേപ്പിതാവിന്റെ ഈ വിശേഷ ഭാഗ്യത്തെ ഒറ്റവാക്യത്തിൽ പറഞ്ഞാൽ "യേശുവിന്റെ വളർത്തച്ഛൻ" എന്ന് വിശേഷിപ്പിക്കാം. വെറുമൊരു മനുഷ്യനെന്നതിൽ ഉപരിയായി, ഭൂമിയിൽ പിതാവിന്റെ അമൂല്യനിധികളായ യേശുവിനേയും മറിയത്തെയും വിശ്വസ്തതയോടുകൂടി സംരക്ഷിക്കുകയും കാത്തുപാലിക്കുകയും ചെയ്ത മഹത് വ്യക്തിയായി വിശുദ്ധ ലിഖിതങ്ങളിൽ അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നു. ഒരുപക്ഷേ മറിയത്തിന്റെ ഗർഭധാരണത്തെക്കുറിച്ച് ആദ്യമായി അറിഞ്ഞ നിമിഷമായിരിക്കാം വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിലെ ഏറ്റവും ഇരുണ്ട മുഹൂർത്തം. എന്നാൽ യാതനയുടെ ഈ നിമിഷത്തിൽ വി. യൗസേപ്പ് തന്റെ മഹത്വം പ്രകടമാക്കി. യൗസേപ്പിതാവിന്റെ സഹനങ്ങളും മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിൽ കാതലായ പങ്ക് വഹിച്ചിട്ടുണ്ട്.

കന്യകയിൽ നിന്നുമുള്ള മിശിഹായുടെ ദൈവിക ജനനത്തിനു എല്ലാകാലത്തേക്കും അദ്ദേഹം ഒരു വിശ്വസ്ത സാക്ഷിയായിരുന്നു. വി. യൗസേപ്പിന്റെ മരണത്തെക്കുറിച്ച് വേദപുസ്തകത്തിൽ ഒന്നുംതന്നെ പറയുന്നില്ല. എന്നിരുന്നാലും യേശുവിന്റെ പരസ്യജീവിതത്തിനു മുൻപായി അദ്ദേഹം മരണമടഞ്ഞിരിക്കാം. യേശുവിന്റേയും മാതാവിന്റേയും കൈകളിൽ കിടന്നുകൊണ്ടുള്ള ഒരു മനോ

ചിൽഡ്രൻസ് കോർണർ

*Art*





SANIYA V.M.

ഹരമായ മരണമായിരുന്നു അദ്ദേഹത്തിന്റേതെന്ന് ചരിത്രകാരന്മാർ പറയുന്നു. എളിമയോടും ആരാലും അറിയപ്പെടാതേയും നസറത്തിൽ ജീവിച്ചു. ഒടുവിൽ നിശബ്ദനായി അദ്ദേഹം മരണപ്പെട്ടപ്പോഴും, സഭാ ചരിത്രത്താളുകളുടെ പിൻതാളുകളിൽ മാത്രമായി അദ്ദേഹം ഒതുങ്ങി. പതിനഞ്ചാം നൂറ്റാണ്ട് മുതലാണ് യൗസേപ്പിതാവിന് പ്രാർത്ഥനാപരമായ ആദരവ് നൽകപ്പെട്ടത്. ഇതിനുശേഷമുള്ള കാലങ്ങളിലാണ് വലിയ രീതിയിലുള്ള ആദരവ് അദ്ദേഹത്തിന് നൽകപ്പെട്ട് തുടങ്ങിയത്.

ശാന്തതയോടെ മുന്നേറുവാനും പ്രതികൂല സാഹചര്യങ്ങളിൽ സഹിഷ്ണുതയോടെ അതിജീവിക്കുവാനും നമുക്കും നമ്മുടെ കുടുംബങ്ങൾക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

യൗസേപ്പിതാവേ, പുണ്യാത്മാവെ, ഈശോയെ പാരിൽ വളർത്തിയ താതാ, സാദരം നിന്നെ വണങ്ങുന്നു. ഞങ്ങൾ നിന്റെ മാദ്ധ്യസ്ഥം തേടുന്നു.

**വി. ഫ്രാൻസിസ് അസ്സീസി വർഷത്തോടനുബന്ധിച്ചുള്ള പ്രാർത്ഥന...**
**ഭവനങ്ങളിൽ കുടുംബ പ്രാർത്ഥനയ്ക്ക് ശേഷം ചൊല്ലുവാൻ**



## അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ വർഷം

(2026 ജനുവരി 10 - 2027 ജനുവരി 10)

## വർഷാചരണപ്രാർത്ഥന

അനന്തകാരുണ്യവാനായ ദൈവമെ, 'രണ്ടാം ക്രിസ്തു' എന്ന് അറിയപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസീസിനെ ഈ വർഷം ഞങ്ങൾക്ക് പ്രത്യേക മധ്യസ്ഥനായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദിപറയുന്നു. ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കാനും ഈശോ സഹിച്ചതുപോലെ സഹിക്കാനും വി. ഫ്രാൻസീസ് സ്വീകരിച്ച ലാളിത്യത്തിന്റെയും പരിഹാരത്തിന്റെയും സാഹോദര്യത്തിന്റെയും മാർഗ്ഗം ഞങ്ങൾക്ക് മാതൃകയാകട്ടെ. കലുഷിതമായ ഇടങ്ങളിലെല്ലാം സമാധാനം സ്ഥാപിച്ച ആ ശാന്തിദൂതന്റെ മധ്യസ്ഥതയാൽ ഞങ്ങളിലും ഞങ്ങളുടെ കുടുംബങ്ങളിലും ഇടവകയിലും തിരുസഭയിലും ലോകം മുഴുവനിലും സമാധാനവും ഐക്യവും നിലനിർത്തണമെ. സർവ്വ സൃഷ്ടിജാലങ്ങളെയും സ്വന്തം സഹോദരങ്ങളായി കണ്ട വി. ഫ്രാൻസിസിനോട് ചേർന്ന്, അനുദിനം ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമിയെ സംരക്ഷിക്കാനും പ്രകൃതിയുടെ കാവൽക്കാരാകാനും ഞങ്ങളെ ശക്തിപ്പെടുത്തണമെ. മരണത്തെപ്പോലും സോദരിയായിക്കണ്ട അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ 800-ാം വർഷത്തിൽ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ ഞങ്ങൾക്ക് കൃപ നൽകണമെ. അനുതാപത്തോടെ പാപങ്ങൾ ഏറ്റുപറയുവാനും മാനസാന്തരപ്പെടുവാനും വി. ഫ്രാൻസീസിനെപ്പോലെ ക്രിസ്തുവിന് അനുരൂപരാകാനും ഞങ്ങളെ സഹായിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും, ആമ്മേൻ.

ഈശോയുടെ തിരുഹൃദയമെ, *ഞങ്ങളെ അനുഗ്രഹിക്കണമെ.*
മറിയത്തിന്റെ വിമലഹൃദയമെ, *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.*
അസ്സീസിയിലെ വി. ഫ്രാൻസീസേ, *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.*

+ Andrews Thazhath

Imprimatur
16-01-2026

† Mar Andrews Thazhath
Archbishop of Trichur




SINCE 1949

THARAKANS ROYAL JEWELLERY ™

**Insurance coverage** for gold ornaments

Near Veterinary Hospital, **Pattambi Road**
**Kunnamkulam.** Tel: 9207 211078

KM Trading, Abu Shagara, **Sharjah-UAE** P.B. No. 79625.
T: 06-5570879 M: 00971564465704

100% BUY BACK FOR DIAMOND VALUE · HUID CERTIFIED JEWELLERY · INTERNATIONAL GEMOLOGICAL INSTITUTE

**Call: +91 9207 211 078**

# സംഘടനാ വാർത്തകൾ

യൂത്ത് സി.എൽ.സി.

* ഫെബ്രുവരി 15 ഞായർ രാവിലെ 8 മുതൽ 9 വരെ സംഘടന യുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി., +1, +2, വിദ്യാഭ്യാസ മേഖലയിൽ പരീക്ഷക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് ഒരുക്ക പ്രാർത്ഥന ശുശ്രൂഷ 'തണൽമരം' എന്നപേരിൽ ഒരുക്കി.
* വിഭൂതി തിരുനാളിനോടനുബന്ധിച്ച് ഇടവക ജനങ്ങൾക്ക് കുരി ശുമാല കെട്ടി നൽകി.

ജീസസ് യൂത്ത്

* സംഘടനയുടെ നേതൃത്വത്തിൽ ഫെബ്രുവരി 15 പേത്തുർത്താ ഞായറാഴ്ച വലിയ നോമ്പ് ആരംഭ നൈറ്റ് വിജിൽ നടത്തി. കുമ്പസാരത്തിനും കുരിശിന്റെ വഴി പ്രാർത്ഥനയ്ക്കും ആരാധ നയ്ക്കും നേതൃത്വം നൽകി.

**തിരുബാലസഖ്യം**

* ഫെബ്രുവരി 8 ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരി ച്ചു. രാവിലെ തിരുബാലസഖ്യ പതാകവന്ദനവും നടത്തി. കൃത ജ്ഞതാ ബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് വാർഷിക പൊതു സമ്മേളനവും കുടുംബസംഗമവും സമ്മാനവിതര ണവും നടത്തി.
* ഫെബ്രുവരി 20 പാലയൂരിലേക്കുള്ള ജാഗരണ പദയാത്രക്ക് നേതൃത്വം നൽകി.

## പാലയൂർ മഹാതീർത്ഥാടനം



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ നേതൃത്വത്തിൽ
2026 മാർച്ച് 22 ഞായറാഴ്ച രാവിലെ 7.30ന് ഗുരുവായൂർ റോഡിൽ,
ഹെർബർട്ട് റോഡിന് സമീപം, ഇസാഫ് ബാങ്കിന് മുൻവശം പാലയൂർ തീർത്ഥാടകർക്ക്
സ്വീകരണം നൽകി തീർത്ഥാടന പദയാത്രയിൽ അണിചേരുന്നു.

**2026 മാർച്ച് 22 ഞായർ**
**രാവിലെ 6 മണിക്കും 9 മണിക്കും വി. കുർബാന**

**കത്തോലിക്കാ കോൺഗ്രസ്സ്**

* വിഭൂതി തിരുനാൾ ദിനത്തിൽ നോമ്പ്കാല ലഘുലേഖ ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും വിതരണം ചെയ്തു.

**ജൂനിയർ സി.എൽ.സി.**

* ഫെബ്രുവരി 11ന് ലൂർദ്ദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് രോഗി സന്ദർശനം നടത്തി.
* ഫെബ്രുവരി 16ന് നോമ്പുകാലത്തിന് ഒരുക്കമായി തിരുമുഖ സമർപ്പണത്തിന് നേതൃത്വം നൽകി. ഈശോയുടെ തിരുമുഖ ചിത്രത്തിൽ ഇടവകാംഗങ്ങൾക്ക് പാപപരിഹാരാർത്ഥം 33 വിശ്വാസപ്രമാണം ചൊല്ലി പിൻ കുത്തി വെച്ച് സമർപ്പണം നടത്താൻ ഒരുക്കി.

**അൾത്താരസംഘം**

* ഫെബ്രുവരി 16ന് നോമ്പുകാലത്തിന് ഒരുക്കമായി പരിത്യാഗ പ്രവൃത്തികൾ ചെയ്തുകൊണ്ടുള്ള തിരുരക്ത സമർപ്പണത്തിന് നേതൃത്വം നൽകി.
* ഫെബ്രുവരി 20ന് പാലയൂരിലേക്കുള്ള ജാഗരണ പദയാത്രക്കുള്ള നേതൃത്വം നൽകി.

സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

# ഇടവക വാർഷിക ധ്യാനം

**2026 മാർച്ച് 23, 24, 25 (തിങ്കൾ, ചൊവ്വ, ബുധൻ)**

**രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല**

**വൈകീട്ട്**

| | |
|---|---|
| 5.30 | കുരിശിന്റെ വഴി & ജപമാല |
| 6.00 | വി. കുർബാന |
| 6.45 | ധ്യാന ഗാന ശുശ്രൂഷ |
| 7.00 | ധ്യാന ആരംഭം |
| 9.00 | ആരാധന |
| 9.30 | ധ്യാന സമാപനം |

NB: ധ്യാനം കഴിഞ്ഞ് ഭവനങ്ങളിലേക്ക് പോകുവാനായി 3 മേഖല തിരിച്ച് വാഹന സൗകര്യം ഒരുക്കുന്നതാണ്.



ധ്യാനം നയിക്കുന്നത്

**റവ. ഫാ. ജിജോ കൊട്ടേക്കാവിൽ M.S.T.**

# ഇടവക ആൽബം

## ലൂർദ് മാതാവിന്റെ തിരുനാൾ & രോഗീദിനം



## സമുദായ ശാക്തീകരണ വർഷം



## നവവൈദികർക്ക് സ്വീകരണം



# ഇടവക ആൽബം

## കുരിശോത്സവം



## തിരുബാലസഖ്യ ദിനം



# ഇടവക ആൽബം

## വിശ്വാസപരിശീലന സൂപ്പർ സൺഡേ



## വിഭൂതി തിരുനാൾ & വലിയ നോമ്പ് ആരംഭം






## തണൽ മരം



## മിഴിവിളക്ക്

# കാവൽ മാലാഖ

### 16. ഹെക്കാമിയ : "പ്രപഞ്ചത്തെ നിലനിറുത്തുന്നവനായ ദൈവം"
### (ജൂൺ 6-10 കാലയളവിൽ ജനിച്ചവർക്ക്)

ഈ കാവൽമാലാഖയുടെ സ്നേഹം ദൈനംദിന കാര്യങ്ങളിൽ പ്രകടിതമാകുന്നു. വലിയ ജ്ഞാനത്തിന്റെ രൂപത്തിലാണ് ഹെക്കാമിയായുടെ സ്നേഹാതിരേകം തന്റെ സംരക്ഷണത്തിൻ കീഴിലുള്ളവർക്ക് അനുഭവപ്പെടുക. ഈ ദൂതന്റെ സ്വാധീനം രാജകീയമായ കഴിവുകൾ നൽകും. തന്റെ സ്വാധീനത്തിലുള്ളവരെല്ലാം രാഷ്ട്രാധിപന്മാരാകുകയില്ല. എങ്കിലും തങ്ങൾ ആയിരിക്കുന്ന ചുറ്റുപാടുകളിൽ വലിയ സ്വാധീനമാണു ചെലുത്തുക. അവർ ബഹുമാന്യരും ശക്തരുമായിരിക്കും. അവരുടെ മഹത്വം എടുത്തുമാറ്റാൻ ആരു വിചാരിച്ചാലും സാധ്യമല്ല. ഈ മാലാഖ അവരെ മേതിസ്ഥാനങ്ങളിൽ ഉറപ്പിച്ചു നിർത്തും. അവർ ദൈവിക സ്നേഹത്തിന്റെ മുദ്രവഹിക്കുകയും സത്യസന്ധതയുടെ പാതയിൽ ചരിക്കുകയും ചെയ്യും. അവരുടെ കഴിവുകൾ എല്ലാ മേഖലകളിലും കൂടുതൽ കൂടുതൽ പ്രാധാന്യമുള്ളതായിത്തീരും. ധനവും മാന്യതയും സമൂഹത്തിൽ പദവിയും ഉണ്ടാകും.

പ്രാർത്ഥന : ജനതകൾക്ക് അവരുടെ മരണാനന്തര ജീവിതത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുംവിധം ഒരു പുതിയ ലോകം കെട്ടിപ്പടുക്കാൻ അങ്ങ് എന്നെ നിയോഗിച്ചിരിക്കുന്നുവല്ലോ. അതിനാൽ എന്റെ പ്രവൃത്തികളെ അങ്ങ് പ്രോത്സാഹിപ്പിച്ചാലും. അങ്ങ് എന്റെ ചുവടുകളെ നയിക്കുക. എനിക്കു തെറ്റിപോകുമ്പോൾ തിരുത്തണമേ. എന്റെ ആത്മീയതയെ അങ്ങ് വർധിപ്പിച്ചാലും. ചിലപ്പോൾ എന്നിൽ പ്രവർത്തിക്കുന്ന ഇരുണ്ട ചിന്തകൾ എന്നെ സ്വാധീനിക്കാതിരിക്കട്ടെ. അങ്ങ് എനിക്കു നൽകിയവ ലോകത്തിനു തിരിച്ചുകൊടുക്കാനാകുംവിധം എന്റെ കരങ്ങളെ ശക്തിപ്പെടുത്തണമേ. അപ്പോൾ ജനതകൾ അവിടുത്തെ പ്രകാശം ധാരാളമായി നുകരുമാറാകും.

ഉപദേശം : നിന്റെ ചുമതലകൾ ലോകഭാരം താങ്ങും. സഹോദരങ്ങൾക്ക് നീ സദ്ഗുണങ്ങൾ വെളിപ്പെടുത്തണം. ഉണരുക! ദിവ്യപ്രവൃത്തികളെ അന്ധകാരശക്തികൾ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു.


തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................. ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ......................................... ഫോൺ നമ്പർ :.................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Evelyn Johnson, Class : IV, St. Antony Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

പാചക കോർണർ

# പെട്ടെന്ന് ഉപയോഗിക്കുവാൻ പറ്റിയ
# മാങ്ങക്കറി

ബിന്ദു രാജു

**ചേരുവകൾ**



| | |
|---|---|
| നല്ല മൂത്ത മാങ്ങ തൊലി കളഞ്ഞ് വളരെ ചെറുതായി അരിഞ്ഞത് | 2 കപ്പ് |
| മുളകുപൊടി | 2 ടീസ്പൂൺ |
| പഞ്ചസാര | 1 ടീസ്പൂൺ |
| കായം വറുത്ത് പൊടിച്ചത് | 1/2 ടീസ്പൂൺ |
| നല്ലെണ്ണ | 1 ടീസ്പൂൺ |
| കടുക് | 1 ടീസ്പൂൺ |
| മുളക് | 2 എണ്ണം |
| കറിവേപ്പില | 1 തണ്ട് |
| ഉപ്പ് | പാകത്തിന് |
| ഉലുവ | 1/2 ടസ്പൂൺ |

**പാചകവിധി :-**

കടുക്, ഉലുവ, മുളക്, കറിവേപ്പില ഇവ നല്ലെണ്ണയിൽ വറുത്ത് അതിൽ മുളക്പൊടിയും, മഞ്ഞൾപൊടിയും ചേർത്ത് ഇളക്കണം. തീ വളരെ ചെറുതായി കത്തിക്കണം. മുളകുപൊടി മൂത്ത വാസന വന്നാൽ മാങ്ങ അരിഞ്ഞതും ഉപ്പും പഞ്ചസാരയും ചേർത്ത് ഇളക്കണം. 5 മിനിറ്റ് അടുപ്പിൽ വെച്ച് ഇളക്കി വാങ്ങി വെച്ച് കായം പൊടിച്ചതും ചേർത്ത് നല്ലവണ്ണം ഇളക്കുക. പഞ്ചസാരക്ക് പകരം ശർക്കര ചേർക്കാം. കറി ചോറിന്റേയും ചപ്പാത്തിയുടേയും കൂടെ കഴിക്കുവാൻ നല്ലതാണ്.



## അനുമോദനങ്ങൾ

ജനുവരി മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**ചീരൻ ജോൺസൺ ഇവാന്**

***ഇടവക കുടുംബത്തിന്റെ
അനുമോദനങ്ങൾ***

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ............................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: ........................................ ഫോൺ നമ്പർ :................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ജൂഡിത് ത്രേസ്യ**

Std :I, St. Thomas Kudumbakoottayma


*"ജീവൻ വേണമെങ്കിൽ ഒന്നും നോക്കണ്ട ഓടിക്കോ... ആനവണ്ടി വരുന്നു!!!"*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## മാർച്ച് 2026 MARCH

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **01**<br>നിയ 15:7–15<br>തോബി 12:6–15<br>2 കോറി 8:9–15<br>മത്താ 6:1–8, 16–18 | **02**<br>ഫിലി 4:10–20<br>മർക്കോ 9:33–41 | **03**<br>2 കോറി 9:1–5<br>മർക്കോ 12:38–44 | **04**<br>2 കോറി 9:6–10<br>ലൂക്കാ 6:32–38 | **05**<br>യാക്കോ 2:10–17<br>മത്താ 7:21–28 | **06**<br>സുഭാ 8:12–21<br>ആമോ 5:1–7<br>2 കോറി 9:11–15<br>ലൂക്കാ 12:29–34 | **07**<br>2 കോറി 6:14–7:1<br>ലൂക്കാ 8:42–48 |
| **08**<br>ഉത്പ 19:1–7,10–11<br>2 സാമു 12:1–7, 13–17<br>2 തിമോ 2:2226<br>മത്താ 5:27–32 | **09**<br>പുറ 19:9–15<br>എസെ 22:6–15<br>2 പത്രോ 1:1–9<br>മർക്കോ 7:14–23 | **10**<br>പുറ 3:1–6<br>പ്രഭാ 4:11–18<br>ഹെബ്രാ 12:14–17<br>ലൂക്കാ 11:33–41 | **11**<br>1 രാജാ 19:19–21<br>ജോബ് 22:23–30<br>വെളി 3:1–6<br>മർക്കോ 10:52 | **12**<br>പുറ 29:31–37<br>2 മക്ക 1:24–29<br>1 തെസ 4:1–8<br>ലൂക്കാ 5:12–16 | **13**<br>പുറ 28:40–43<br>സുഭാ 20:5–9<br>ഹെബ്രാ 10:1–10<br>യോഹ 17:9–19 | **14**<br>വെളി 3:14–22<br>ലൂക്കാ 24:44–49 |
| **15**<br>ഉത്പ 4:8–16<br>1 സാമു 24:1–8<br>1 യോഹ 1:5–10<br>യോഹ 8:1–11 | **16**<br>എഫേ 4:1–6<br>ലൂക്കാ 17:1–6 | **17**<br>1 പത്രോ 3:8–12<br>മത്താ 5:38–48 | **18**<br>1 തെസ 5:12–18<br>മത്താ 18:15–20 | **19**<br>1 കോറി 13:1–8<br>12–13<br>മത്താ 18:21–35 | **20**<br>സംഖ്യ 29:1–6<br>എസ്രാ 6:31–35<br>ഹെബ്രാ 9:23–28<br>മത്താ 20:20–28 | **21**<br>1 കോറി 2:1–8<br>മത്താ 17:1–9 |
| **22**<br>നിയ 8:1–10<br>2 മക്ക 6:18–31<br>1 പത്രോ 4:12–19<br>മർക്കോ 8:31–9:1 | **23**<br>1 പത്രോ 2:18–23<br>മത്താ 12:15–21 | **24**<br>കൊളോ 1:24–29<br>യോഹ 15:18–27 | **25**<br>റോമാ 8:31–39<br>മത്താ 10:17–22 | **26**<br>2 തിമോ 1:6–14<br>മർക്കോ 10:32–34 | **27**<br>1 രാജാ 17:17–24<br>ശ്ലീഹ 9:36–42<br>റോമാ 5:12–17<br>യോഹ 11:32–44 | **28**<br>2 കോറി 2:14–17<br>യോഹ 12:1–11 |
| **29**<br>പുറ 15:1–3, 11–15, 20–21<br>ഏശ 62:10–12+63:1–4<br>സഖ 4:12–20<br>ലൂക്കാ 19:28–40 | **30**<br>1 രാജാ 9:1–9<br>വിലാ 2:1–7<br>റോമാ 11:17–24<br>ലൂക്കാ 19:41–48 | **31**<br>ഉത്പ 37:5–24<br>2 ദിന 24:17–22<br>ഹെബ്രാ 13:10–16<br>ലൂക്കാ 20:9–19 | **01**<br>ഉത്പ 45:3–15<br>ജെറെ 20:7–13<br>2 കോറി 5:1–10<br>യോഹ 12:20–36 | **02**<br>പുറ 12:1–14,21–28<br>ഏശെ 45:18–25<br>1 കോറി 5:6–8,11:23–30<br>ലൂക്കാ 22:7–13 | **03**<br>ഉത്പ 22:1–19<br>ഏശ 53:1–12<br>ശ്ലീഹ 8:26–39<br>ലൂക്കാ 22:63–23–12 | **04**<br>നിയ 34:1–9<br>യോനാ 1:1–17<br>ഹെബ്രാ 6:1–8<br>മത്താ 27:62–66 |




ജനനം 26 – 04 – 1930 | മരണം 18 – 03 – 2019

**കിഴക്കൂട്ട് ജോസഫ്**

**ഫ്രാൻസീസ് വൈദ്യർ**

ജനനം 23 – 12 – 1933 | മരണം 04 – 02 – 2026

**കിഴക്കൂട്ട് ഫ്രാൻസീസ് വൈദ്യർ ഭാര്യ**

**ആനി**

ചിറളയം – കുന്നംകുളം

With Prayers :

**KIZHAKKOOT AYURVEDICS**

Guruvayur Road, Kunnamkulam




## OUR FACILITIES

- Quality Education
- Digital Classrooms
- Co-curricular Activities
- Audio Visual Classrooms
- Well Equipped Lab
- Well Furnished Classrooms

**PH : 04885222919,8086950771**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only   Printed at : Nirmala Hiprint Pvt. Ltd. Thrissur -  Layout : Mcube Graphics KKM